LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനമുള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലേക്കുമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) പത്തനംതിട്ട നഗരസഭ ഉറവിട മാലിന്യ സംസ്കരണത്തിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി ടി നഗരസഭയിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(സി) പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്കായി പദ്ധതി ഇനത്തുടെ 100% സാമ്പത്തിക സഹായം സംസ്ഥാന സർക്കാർ നൽകി വരുന്നു. ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിലുൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന നഗരസഭകൾക്ക് 50% സാമ്പത്തിക സഹായം സർക്കാരും 25% സാമ്പത്തിക സഹായം തദ്ദേശസ്വയംഭരണ സ്ഥാപനവും ലഭ്യമാക്കി വരുന്നു. ഇത്തരത്തിൽ ആകെ സർക്കാർ സാമ്പത്തിക സഹായം 75% ആണ്. കൂടാതെ കമ്പോസ്റ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് 75% സർക്കാരും 15% തദ്ദേശസ്വയംഭരണ സ്ഥാപനവും വഴി ആകെ 90% സബ്സിഡി നൽകി വരുന്നു. കേന്ദ്ര പദ്ധതിയായ UIDSSMT സ്കീം KSUDP മുഖാന്തരം മാലിന്യ സംസ്കരണ പദ്ധതികൾക്ക് ധനസഹായം കേന്ദ്ര സർക്കാർ നൽകുന്നുണ്ട്.

നഗരസഭകളിലെ മാലിന്യനിർമ്മാർജ്ജന പദ്ധതി

302 (3283) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഏതെല്ലാം നഗരസഭകൾ ഈ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുമുള്ള പദ്ധതികളിൽ സർക്കാർ സാമ്പത്തിക സഹായം നൽകുന്നവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളിലെ മാലിന്യ നിർമ്മാർജ്ജനത്തിലേക്കായി പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ സംവിധാനമുള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 9 നഗരസഭകൾ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പയ്യന്നൂർ നഗരസഭ
2. നോർത്ത് പറവൂർ നഗരസഭ
3. തൊടുപുഴ നഗരസഭ
4. കാസർഗോഡ് നഗരസഭ
5. ഇരിങ്ങാലക്കുട നഗരസഭ
6. മഞ്ചേരി നഗരസഭ
7. കൽപ്പറ്റ നഗരസഭ
8. നെടുമങ്ങാട് നഗരസഭ
9. ചേർത്തല നഗരസഭ

(ബി) നഗരസഭകളിൽ പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്കായി പദ്ധതി ചെലവിന്റെ 100% സാമ്പത്തിക സഹായവും ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിലുൾപ്പെടുത്തി സ്ഥാപിക്കുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾക്ക് 50% സർക്കാർ സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴിയും 25% തദ്ദേശഭരണ സ്ഥാപനം വഴിയും കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 75% സർക്കാർ സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴിയും 15% സാമ്പത്തിക സഹായം തദ്ദേശഭരണ സ്ഥാപനം വഴിയും നൽകിവരുന്നു. ഇത്തരത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ ആകെ സബ്സിഡി 75%-ഉം കമ്പോസ്റ്റ് യൂണിറ്റുകളുടെ ആകെ സബ്സിഡി 90%-ഉം ആണ്.